പെന്തിക്കോസ്തിക്കുമുമ്പ്
കാത്തിരിപ്പിൻ ദിവസങ്ങൾക്കുള്ള
ക്രമം

പ. സുന്നഹദോസ് അംഗീകരിച്ചത്

1988

പെന്തിക്കോസ്തിക്കുമുമ്പ്
കാത്തിരിപ്പിൻ ദിവസങ്ങൾക്കുള്ള ക്രമം

പ. സുന്നഹദോസ് അംഗീകരിച്ചത്

കാതോലിക്കേറ്റ് അരമന
ദേവലോകം, കോട്ടയം

1988

പെന്തിക്കോസ്തിക്കുമുമ്പ്
കാത്തിരിപ്പിൻ ദിവസങ്ങൾക്കുള്ള ക്രമം

(പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ്
അംഗീകരിച്ചത്)

പ്രസിദ്ധീകരണം: സുന്നഹദോസ് ഓഫീസ്
കാതോലിക്കേറ്റ് അരമന
ദേവലോകം, കോട്ടയം

ഒന്നാം പതിപ്പ്: 1988 മേയ്

കോപ്പി: 500

അച്ചടി: സണ്ടേസ്കൂൾ പ്രസ് ദേവലോകം

പ. ബാവാ തിരുമനസ്സിലെ കല്പന

കർത്താവിൽ പ്രിയരെ!

നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണ സമയത്ത് "നിങ്ങൾ യേരുശലേമിൽ നിന്ന് വാങ്ങിപ്പോകാതെ എന്നോടു കേട്ട പിതാവിന്റെ വാഗ്ദാനത്തിനായി കാത്തിരിക്കണം" എന്ന് തന്റെ ശിഷ്യന്മാരോടു കല്പിക്കുകയും അതനുസരിച്ച് അവർ പെന്തിക്കോസ്തിനാൾവരെയും യേരുശലേമിൽ നിർദ്ദിഷ്ടസ്ഥലത്തു കാത്തിരുന്നു പ്രാർത്ഥിക്കുകയും, പെന്തിക്കോസ്തി ദിവസം പരിശുദ്ധാത്മദാനം പ്രാപിക്കുകയും ചെയ്തതായി വി. വേദപുസ്തകത്തിൽ വായിക്കുന്നുണ്ടല്ലോ. നമ്മുടെ സഭയിലും ആദിമനൂററാണ്ടു മുതൽ സ്വർഗ്ഗാരോഹണം മുതൽ പെന്തിക്കോസ്തി വരെയുംഉള്ള പത്തുദിവസങ്ങൾ കാത്തിരിപ്പിന്റെ ദിവസങ്ങളായി കണക്കാക്കപ്പെടുന്നു. ആ ദിവസങ്ങളിൽ പരിശുദ്ധ മാമ്മോദീസായും മൂറോനഭിഷേകവുംവഴിയായി നമുക്കു ലഭിച്ചിരിക്കുന്നതും നമ്മിൽ സദാ കുടികൊണ്ടിരിക്കുന്നതുമായ പരിശുദ്ധ റൂഹായെ ഉദ്ദീപിപ്പിക്കുവാൻ തക്കവണ്ണം പ്രാർത്ഥനയും ധ്യാനവും ഒരുക്കവും ആവശ്യമാണ്. എന്നാൽ ആയതിന് ആവശ്യമായ പ്രത്യേക ക്രമങ്ങളൊന്നുംതന്നെ നാളിതുവരെ ഉണ്ടായിരുന്നില്ല. ആയതിനാൽ നമ്മുടെ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ പരിചിന്തനത്തിൽ അപ്രകാരമുള്ള ഒരു പ്രാർത്ഥനാക്രമം ഉണ്ടാകണമെന്ന് തീരുമാനിക്കുകയും ഒരു ചെറിയക്രമം തയ്യാ

റാക്കി പ. സുന്നഹദോസ് പരിശോധിച്ചിട്ടു അതു പൊതു ഉപയോഗത്തിനായി പ്രസിദ്ധീകരിക്കുകയും ചെയ്യുന്നതാണ് ഇത്. സന്ധ്യാനമസ്ക്കാരത്തിൻെറ അവസാനം വിശ്വാസ പ്രമാണത്തിന് മുമ്പായി ഈ ക്രമത്തിൽ കാണുന്നപ്രകാരം പ്രാർത്ഥനകളും വേദ വായനകളും ലുത്തിനിയാകളും നടത്തി കാത്തിരിപ്പിൻെറ പത്തുദിവസങ്ങൾ ധന്യമാക്കുവാനും നമ്മിലുള്ള പരിശുദ്ധാത്മാവിനെ ജ്വലിപ്പിച്ച് കൂടുതൽ ശക്തമാക്കിത്തീർക്കുവാനും അങ്ങിനെ നമ്മുടെ ക്രിസ്തീയ ജീവിതം കൂടുതൽ ആത്മീയഫലങ്ങൾ പുറപ്പെടുവിക്കുന്നതായിത്തീരുവാനും ഇടയാകട്ടെ. നമ്മുടെ എല്ലാ പള്ളികളിലും ഈ ക്രമം അനുസരിച്ചുള്ള പ്രാർത്ഥനകൾ നടത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കണം. പള്ളികളിൽ പോയി പ്രസ്തുത കാത്തിരിപ്പ് ശുശ്രൂഷയിൽ സംബന്ധിക്കാൻ സൌകര്യപ്പെടാത്തപക്ഷം ഈക്രമത്തിലെ പ്രാർത്ഥനകൾ വീടുകളിൽവച്ചു നടത്താവുന്നതും അപ്രകാരം ചെയ്തുകൊള്ളേണ്ടതുമാകുന്നു.

കാതോലിക്കേററ് അരമന	ബസേലിയോസ്
ദേവലോകം	മാർത്തോമാ മാത്യൂസ് പ്രഥമൻ
10 5-1988	(പൌരസ്ത്യ കാതോലിക്കാ)

പെന്തിക്കുസ്തിക്ക് മുമ്പു കാത്തിരിപ്പിൻ ദിവസങ്ങൾക്കുള്ള ക്രമം

(സന്ധ്യാനമസ്ക്കാരത്തെ തുടർന്നു നടത്തുകയാണെങ്കിൽ എന്നുമെന്നേക്കും തൻെറ ഇടത്തിൽനിന്നും എന്നുള്ള കൗമാചൊല്ലിയതിനുശേഷം കാത്തിരിപ്പിൻെറ ശുശ്രൂഷ ആരംഭിക്കുന്നു. ഹൂത്തോമൊക്ക് ശേഷം, കുക്കിലിയോൻ ചൊല്ലി ധൂപം വയ്ക്കുന്നു)

പ്രാരംഭ പ്രാർത്ഥന

(മാർ അപ്രേം)

1. കർത്താവേ എൻ പ്രാർത്ഥനയാൽ
സുസ്ഥിരവും ശുദ്ധിയുമുള്ള
നിന്നാത്മാവിനെ എന്നിൽ നീ
നന്നായൊന്നു പുതുക്കണമെ

2. ആ വിമലാത്മാവെന്നുള്ളിൽ
ദിവസംപ്രതി പാർത്തീടണമെ
മൗനം ഭീക്ഷിക്കാതെയവൻ
ശാന്തതയാൽ വാണീടണമെ.

3. കൃപയുള്ളോനേ റൂഹായെ
വീണ്ടും പുതുതാക്കണമെന്നിൽ
നിൻഹിതമവനെന്നെക്കാണി
ച്ചമലത മനസസിൽ പാർക്കണമെ.

ശൂബഹൊ.............വാലൈൻ മ്ഹീലെ................

അഗ്നിനാവുകളുടെ രൂപത്തിൽ വിശുദ്ധ ശ്ലീഹന്മാരുടെമേൽ മാളികയിൽ വച്ച് ഇറങ്ങിവന്ന് ദിവ്യജ്ഞാനത്താൽ അവരുടെ മനസ്സുകളെ പ്രകാശിപ്പിച്ച ആശ്വാസപ്രദനായ വിശുദ്ധ റൂഹാ! നിന്റെ നൽവരങ്ങളാകുന്ന കിരണങ്ങളാൽ ഞങ്ങളെയും പ്രകാശിപ്പിക്കണമെ. ഞങ്ങൾ എല്ലാ സമയത്തും നിന്നേയും നീ ആരിൽനിന്ന് പുറപ്പെടുന്നുവൊ ആ പിതാവിനേയും, നീ ആരിൽ നിന്ന് എടുക്കുന്നുവോ ആ പുത്രനേയും പുതുമയോടെ സ്തുതിക്കുമാറാകണമെ. ഹോശൊ....

കുക്കിലിയോൻ. നിറം 7

എന്നാത്മാവിനെ നിങ്കലുയർത്തുന്നേൻ നാഥാ ഹാ—ഹാ
നീയെൻ ശരണം ലജ്ജിക്കരുതെ ഞാൻ.
നിർമ്മലമായൊരു മനസ്സെന്നിൽ നീ സൃഷ്ടിക്കണമെ
ഹാ ഹാ
സ്ഥിരമായൊരാത്മാവിനെ എന്നിൽ പുതുതാക്ക.
നിന്നാത്മാവിനെ എന്നിൽ നിന്നുമെടുക്കരുതെ
ഹാ–ഹാ–
നിൻരക്ഷയിനാനന്ദം തിരികെ തരികെന്നിൽ
താങ്ങുക എന്നെ നിന്നാത്മാവാൽ ഹാ—ഹാ—
നിൻവഴികളെ ഞാനുപദേശിക്കും മർത്ത്യരോടായ്

ബാറെക്മോർ. ശൂബഹൊ....മെനഓലം....

എക്ബാ (ഭക്തർ പുകഴ്ചാ)

പാവന റൂഹാ വന്നെത്തി
വാസം ചെയ്യേണമടിയാരിൽ
തൻ വാസത്താൽ ഞങ്ങളെ നിൻ
ആലയമാക്കിതീർക്കേണം. മൊറിയൊറാഹേം....

പ്രാർത്ഥന

ആശ്വാസപ്രദനായ പരിശുദ്ധാത്മാവേ, എഴുന്നള്ളി വരേണമെ. സെഹിയോൻ മാളികയിൽ ഉപവാസത്തോടും പ്രാർത്ഥനയോടും കാത്തിരുന്ന ശിഷ്യന്മാരുടെമേൽ, പിളർന്ന അഗ്നിനാവുകളുടെ സാദൃശ്യത്തിൽ ഇറങ്ങി ആവസിച്ച നീ വി. മാമോദീസായും മൂറോനഭിഷേകവും മൂലം ഞങ്ങളിൽ വസിക്കുന്നു. ഞങ്ങളുടെ പാപവും ഉദാസീനതയും നിമിത്തം പലപ്പോഴും ഞങ്ങൾ ചാരംകൊണ്ടു മൂടപ്പെട്ട തീക്കനൽ പോലെ ജ്വലിക്കാതെ ഇരിക്കുന്നു. ഈ കാത്തിരിപ്പിന്റെ ദിവസങ്ങളിൽ ഞങ്ങളിൽ നീ ജ്വലിക്കേണമെ.

ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങളാൽ ഞങ്ങൾക്കുവേണ്ടി പക്ഷവാദം ചെയ്യുന്ന പരിശുദ്ധാത്മാവേ, നീ ഞങ്ങളെ ആശ്വസിപ്പിക്കുകയും ശക്തീകരിക്കുകയും ചെയ്യണമെ ജീവജലനദികളായി നീ ഞങ്ങളിൽനിന്നും കവിഞ്ഞൊഴുകി അനേകരെ ആശ്വസിപ്പിക്കത്തക്കവണ്ണം ഞങ്ങളെ നിന്റെ കൈവഴികളാക്കി തീർക്കണമെ. വരണ്ട നിലങ്ങളിലെ ഉണങ്ങിയ ചെടികളെ ജലം ജീവിപ്പിക്കുന്നതുപോലെ, ഞങ്ങളുടെ സംസാരങ്ങളിലും, ശുശ്രൂഷകളിലും മദ്ധ്യസ്ഥ പ്രാർത്ഥനകളിലും നീ പ്രവർത്തിച്ച് അനേകർക്ക് ജീവനും ശക്തിയും ആശ്വാസവും ഉയർച്ചയും വളർച്ചയും നൽകണമെ. അതിന് തക്കവണ്ണം മനുഷ്യസ്നേഹം കൊണ്ട് ഞങ്ങളെ നിറയ്ക്കണമെ.

വിശ്വാസികളുടെ പിതാവായ അബ്രഹാം സോദോംഗോമൂറായ്ക്കുവേണ്ടി മുട്ടിപ്പായി പ്രാർത്ഥിച്ചതുപോലെ പാപത്തിൽ നശിക്കുന്ന ലോകത്തിനുവേണ്ടി മുട്ടിപ്പായി പ്രാർത്ഥിക്കത്തക്കവണ്ണം പരിശുദ്ധാത്മാവേ, നിന്റെ നിറവ് ഞങ്ങൾക്ക് നൽകേണമെ.

കർത്താവ് ശമര്യക്കാരിയേയും, സക്കായിയേയും മാനസാന്തരപ്പെടുത്തിയതുപോലെ അജ്ഞതയിലും പാപത്തിലുമിരിക്കുന്ന അനേകരെ ദിവ്യപ്രകാശത്തിലേക്ക് നയിക്കുവാൻ പരിശുദ്ധാത്മാവെ നീ ഞങ്ങൾക്ക് വഴികാട്ടിയായിരിക്കണമെ. പരിശുദ്ധാത്മാവേ ദിവ്യസ്നേഹം കൊണ്ട് മററുള്ളവരുമായി തദാത്മ്യം പ്രാപിക്കുകയും മററുള്ളവരെ ദൈവമക്കളായി കാണുകയും ചെയ്യുന്നതിൻെറ ഫലമായി ദീർഘമായി ക്ഷമിക്കുന്നതിന് ഞങ്ങൾക്ക് സംഗതിയാക്കണമെ. കർത്താവ് തന്നെ കുരിശിച്ചവരോട് ക്ഷമിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തതുപോലെ ഞങ്ങളെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പാൻ ഞങ്ങളെ സഹായിക്കണമെ. യഥാർത്ഥ സ്നേഹത്തിൽ നിറയുന്നതിൻെറ ഫലമായി സകലരോടും ദയയും പരോപകാരവും ചെയ്യുവാൻ ഞങ്ങൾക്ക് സംഗതിയാക്കണമെ, കർത്താവ് ശുശ്രൂഷ ചെയ്യിക്കാതെ സദാ ശുശ്രൂഷ ചെയ്യുകയും ജീവനെ ബലിയായി അർപ്പിക്കുകയും ചെയ്തതുപോലെ ഞങ്ങളേയും നന്മ ചെയ്യുന്നതിൽ ഉൽസുകരാക്കണമെ.

പരിശുദ്ധാത്മാവെ ഞങ്ങളെ സൌമ്യതകൊണ്ട് നിറക്കണമേ. മററുള്ളവരുടെ കുററങ്ങൾ സ്വന്തം കുററങ്ങളായി കണ്ട് സഹതപിച്ച്, കോപിക്കാതെ അവരെ സത്യവഴിയിലേക്കു തിരിക്കുന്ന സൌമ്യത ഞങ്ങൾക്ക് തരണമെ. ഇന്ദ്രിയജയം ഞങ്ങൾക്ക് നൽകണമെ. അത് ഞങ്ങളിൽ വർദ്ധിക്കതക്കവണ്ണം നിന്നോട് സഹകരിച്ച് പ്രവർത്തിക്കുവാൻ സംഗതിയാക്കണമെ. മററുള്ളവരുടെ നന്മയെക്കുറിച്ച് കൂടുതലായി കരുതുന്നതിൻെറ ഫലമായി അസൂയപ്പെടുകയൊ, അഹങ്കരിക്കുകയൊ, പരിഹസിക്കുകയൊ ചെയ്യാതെ മററുള്ളവരുടെ

ഉയർച്ചയിൽ സന്തോഷിക്കുകയും അവരെ ബഹുമാനിക്കുകയും ചെയ്യുമാറാകണമെ, നിൻെറ ശക്തിയാൽ കാമവികാരങ്ങളേയും, ഭക്ഷണപാനീയങ്ങളിലുള്ള അമിതമായ പ്രതിപത്തിയേയും ഞങ്ങൾ ജയിക്കുമാറാകേണമെ.

കർത്താവിനെ തള്ളി പറഞ്ഞ പത്രോസ് ശ്ലീഹാ പെന്തിക്കോസ്തി ദിവസം ധൈര്യസമേതം പ്രസംഗിച്ചതുപോലെയും, അവസാനം രക്തസാക്ഷിയായി മരിച്ചതുപോലെയും, ഞങ്ങൾ ശക്തി പ്രാപിച്ച് അനേകരുടെ മുമ്പാകെ കർത്താവിനെ സാക്ഷിക്കുവാൻ ഞങ്ങൾക്ക് സംഗതിയാക്കണമെ. ലോകത്തിൻെറ അററത്തോളം നിന്നെ സാക്ഷിക്കുവാൻ ഞങ്ങളെ ശക്തീകരിക്കണമെ.

തീ മാലിന്യത്തെ ദഹിപ്പിക്കുന്നതുപോലെ പരിശുദ്ധാത്മാവെ, നീ ഞങ്ങളിലുള്ള എല്ലാ പാപത്തേയും ദുർവികാരങ്ങളേയും ദഹിപ്പിച്ചു കളയണമെ. പാപത്തിലേക്ക് നയിക്കുന്ന എല്ലാ സാഹചര്യങ്ങളെയും ഉപേക്ഷിക്കുന്നതിന് ഞങ്ങളെ ശക്തീകരിക്കണമെ. കൊടുംകാററുപോലെ നന്മപ്രവർത്തികൾക്കായി ഞങ്ങളെ ശക്തീകരിക്കണമെ. ക്രിസ്തുവിൻെറ സ്നേഹത്തിൽ നിന്ന് ഞങ്ങളെ വേർതിരിക്കുന്നതാര്? കഷ്ടതയൊ, നഗ്നതയൊ, ആപത്തൊ, വാളൊ എന്ന് വിശുദ്ധ പൌലൂസ് പറഞ്ഞതുപോലെ, സകല കഷ്ടതകളെയും, തടസങ്ങളേയും അതിജീവിച്ച് സ്നേഹമായി തീരുവാൻ ഞങ്ങളെ സഹായിക്കേണമെ. പരിശുദ്ധാത്മാവെ ഞങ്ങളെ വിളിച്ചിരിക്കുന്ന വിളിക്ക് യോഗ്യമായ വിധത്തിൽ വിവിധ കർത്തവ്യങ്ങളിൽ ഉൾപ്പെട്ടിരിക്കുന്ന ഞങ്ങൾക്ക് ആവശ്യമായ ഓരോ നൽവര

ങ്ങൾ തന്ന് സഹായിക്കണമെ. കർഷകർ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ, ആതുരശുശ്രൂഷകർ, സാഹിത്യപ്രകർത്തകർ, ഭരണകർത്താക്കൾ, ഭരണീയർ മുതലായി വിവിധനിലകളിൽ ജോലിചെയ്യുന്ന ഏവരേയും അവരുടെ കർത്തവ്യങ്ങൾ നിർവഹിക്കുവാൻ സഹായിക്കുകയും ചെയ്യണമെ, ഭവനങ്ങളിൽ പരസ്പര ധാരണയും ഐകമത്യവും ഉണ്ടാകുവാൻ സംഗതിയാക്കണമെ.

ശിഷ്യന്മാർ മർക്കോസിന്റെ മാളികയിൽ കർത്താവിന്റെ അമ്മയോടും മററു പലരോടും കൂടെ പ്രാർത്ഥനയോടെ കർത്താവിന്റെ കല്പന പ്രകാരം കാത്തിരുന്നതുപോലെയും, ഏലിയാവിന്റെ ആത്മാവിൽ ഇരട്ടിയായി ലഭിക്കുന്നതിന്നായി ഏലീശാ ഏലിയാവിനെ വിട്ടുമാറാതെ നടന്നതുപോലെയും ഈ ദിവസങ്ങളിൽ ഞങ്ങൾ നടത്തുന്ന ധ്യാനങ്ങളിലും, പ്രാർത്ഥനകളിലും വി. കുമ്പസാരത്തിലും കർബാന അനുഭവത്തിലും നീ ഞങ്ങളെ സഹായിക്കയും പെന്തിക്കോസ്തി ദിവസം നിന്നാൽ നിറഞ്ഞ് ശക്തിപ്പെടുന്നതിന് സംഗതിയാക്കണമെ. ആമ്മീൻ.

കോലൊ

നിറം—7 (പ്ത്തഹ്ലീതറ ഏ)

ആശ്വാസം നല്കീടും റൂഹാ—യിപ്പരിപാവനമാം
നാളിൽ
തീനാമ്പെന്നവിധംവന്നു—പന്തിരുവർക്കരുളപ്പെട്ടു
മാനസധൈര്യമവർക്കേകി പോയ്ജനകാത്മജ
റൂഹായാം
ത്രിത്വത്തിൻമർമ്മം— സൃഷ്ടികളോടുൽഘോഷിച്ചാർ.
ബാറെക്മോർ
ശുബഹോ—മെനറാലം

പാറക്ലെീത്തായാം റൂഹാ-നിർമ്മലശിഷ്യസമൂഹത്തിൽ
വന്നുൽകൃഷ്ടരഹസ്യത്തെ—ഭൂതലഭാഷകളിൽ ചൊന്നു
ജനകസുതാത്മാവിൻ പേരിൽ—പാപം പോക്കാനും—
രോഗം
മായിപ്പാനുമവ—ർക്കധികാരം ദാനം ചെയ്തു—
മൊറിയോറാഹേം....

പ്രാർത്ഥന

തന്റെ വി, റൂഹാമൂലം ഞങ്ങളെ ആശ്വസിപ്പിച്ചവനായി കാരുണ്യവാനും സകല ആശ്വാസങ്ങളും നല്കുന്നവനുമായ കർത്താവേ! നിന്റെ വി. ശ്ലീഹന്മാരുടെമേൽ തീനാവുകൾ പോലെ നിന്റെ വി. റൂഹാ ആവസിച്ചതിനെ ഓർത്ത് നിന്റെ മുമ്പാകെ നിന്ന് പ്രാർത്ഥിപ്പാൻ ഞങ്ങളെ നീ യോഗ്യരാക്കണമെ. മനുഷ്യസ്നേഹമുള്ളവനായ കർത്താവെ! വി. റൂഹായുടെ കൃപ ഞങ്ങളിൽ വർഷിപ്പിക്കണമെ. അതിനാൽ ശരീരത്തിന്റെയും ആത്മാവിന്റെയും എല്ലാ മാലിന്യങ്ങളിൽനിന്നും ഞങ്ങളെ ശുദ്ധീകരിക്കണമെ. ആത്മീയമായി നടക്കുകയും, ജഡമോഹങ്ങളെ ഉപേക്ഷിച്ചുകൊണ്ട് ആത്മീയമായ നടപടികളിൽ ഞങ്ങളെ സുസ്ഥിരരാക്കുകയും ചെയ്യണമെ. ഞങ്ങളുടെ ആയുഷ്ക്കാലമെല്ലാം വിശുദ്ധിയോടുകൂടി നിന്നെ ശുശ്രൂഷിപ്പാൻ ഞങ്ങളെ യോഗ്യരാക്കണമെ. പിതാവും, പുത്രനും, പ. റൂഹായുമെ! നിനക്ക് സ്തുതിയും, സ്തോത്രവും ആരാധനയും യോഗ്യമാകുന്നു. ആമ്മീൻ.

വേദവായന

പഴയനിയമം

ഒന്നാംദിവസം

ഉല്പത്തി പുസ്തകം. 1: 1–3, 2: 4–7
അപ്പോസ്തോല പ്രവൃത്തികൾ 1: 12–14, 2: 1–21
റോമർ 8: 1–11
വി. മത്തായി. 3: 1–17

രണ്ടാംദിവസം

പുറപ്പാട് പുസ്തകം. 31: 1–11
ന്യായാധിപന്മാരുടെ പുസ്തകം. 14: 5-6, 15: 14-16
അപ്പോസ്തോലപ്രവൃത്തികൾ. 2: 22–42
റോമർ. 8: 1–11
വി. ലൂക്കോസ്. 4: 1–15

മൂന്നാം ദിവസം

സംഖ്യാപുസ്തകം. 11: 23 -29, 23: 1–12
അപ്പോസ്തോല പ്രവൃത്തികൾ. 4: 23–31
റോമർ 8: 18–27
വി. ലൂക്കോസ്. 10: 17–24

നാലാം ദിവസം

1 ശമുവേൽ. 10: 1–13
അപ്പോസ്തോല പ്രവൃത്തികൾ. 6: 1–8
1 കൊരിന്ത്യർ. 3: 16–18
2 കൊരിന്ത്യർ. 3: 17–18
വി. യോഹന്നാൻ. 7: 37- 44

അഞ്ചാം ദിവസം

യെശയ്യാവ്. 11: 1–4
അപ്പോസ്തോല പ്രവൃത്തികൾ. 8: 14 -24
1 കൊരിന്ത്യർ. 12: 2–11
വി. യോഹന്നാൻ. 14; 12–17

ആറാം ദിവസം

യെശയ്യാവ്. 42: 1–7, 61: 1–3
അപ്പോസ്തോലപ്രവൃത്തികൾ. 10: 44–48
1 കൊരിന്ത്യർ. 12: 12–31
വി. യോഹന്നാൻ. 14: 24 –28

ഏഴാം ദിവസം

യെഹസ്ക്കേൽ. 36: 25–27
അപ്പോസ്തോല പ്രവൃത്തികൾ. 13: 1–5, 16; 6–10
1 കൊരിന്ത്യർ 14: 1–19
വി. യോഹന്നാൻ. 15: 24–27

എട്ടാം ദിവസം

യെഹസ്ക്കേൽ. 37: 1–14
അപ്പോസ്തോല പ്രവൃത്തികൾ. 15: 22–29
ഗലാത്യർ. 5: 16–26
വി. യോഹന്നാൻ. 16: 7–15

ഒൻപതാം ദിവസം

യെഹസ്ക്കേൽ. 47: 1–12
അപ്പോസ്തോല പ്രവൃത്തികൾ. 19: 1–7
എപ്പേസ്യർ. 5: 15–21
വി. ലൂക്കോസ്. 24: 44–49

പത്താംദിവസം

യോവേൽ. 2: 25–32

അപ്പോസ്തോലപ്രവൃത്തികം 20: 22–25, 21:10–14

കോരി. 13: 1–10, 1: 6–8

വി. മർക്കോസ്. 16: 14–18

പ്രസംഗം.

ആത്മാവിൻെറ ഫലത്തെക്കുറിച്ച് 9 പ്രസംഗങ്ങൾ നടത്താം. പത്താംദിവസം പരിശുദ്ധാത്മാവിൻെറ പ്രതീകങ്ങളെക്കുറിച്ചും പ്രസംഗിക്കാം.

ലുത്തിനിയാ

(ഓരോ പ്രാർത്ഥനയുടെ അവസാനത്തിലും, ഞങ്ങളിൽ ജ്വലിക്കണമേ എന്ന് പ്രതിവാക്യം ചൊല്ലണം)

പിതാവിൽ നിന്നും പുറപ്പെടുകയും പുത്രനിൽ നിന്നെടുക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവേ!

ഞങ്ങളിൽ ജ്വലിക്കണമേ

കന്യകമറിയാമിൽ ഇറങ്ങിവന്ന പരിശുദ്ധാത്മാവേ

ഞങ്ങളിൽ................

കർത്താവിൻെറ മാമോദീസായിൽ ഇറങ്ങിവരികയും തന്നെ വനത്തിലേക്ക് വഴിനടത്തുകയും ചെയ്ത പരിശുദ്ധാത്മാവേ.

ഞങ്ങളിൽ....................

കർത്താവിൻെറ പരസ്യ ശുശ്രൂഷയിലും തിരുബലിയിലും സഹായിച്ച പരിശുദ്ധാത്മാവേ!

ഞങ്ങളിൽ... ....

പ്രവാചകന്മാരിൽ കൂടി സംസാരിച്ച പരിശുദ്ധാത്മാവേ.

ഞങ്ങളിൽ....................

വിദ്യാവിഹീനരായ ശിഷ്യന്മാരെ ജ്ഞാനികളാക്കിയ പരിശുദ്ധാത്മാവേ–

ഞങ്ങളിൽ....................

ശ്ലീഹന്മാരെ ശക്തീകരിച്ച പരിശുദ്ധാത്മാവേ–

ഞങ്ങളിൽ...............

സഹദേന്മാർക്ക് സഹിഷ്ണത നൽകിയ പരിശുദ്ധാത്മാവേ

ഞങ്ങളിൽ...............

പാഷാണ്ഡതകൾക്കെതിരായി പിതാക്കന്മാരെ ജ്ഞാനികളാക്കിയ പരിശുദ്ധാത്മാവേ

ഞങ്ങളിൽ................

പരിശുദ്ധന്മാരിൽ ആവസിക്കുന്ന പരിശുദ്ധാ—ത്മാവേ

ഞങ്ങളിൽ................

പാപികളെ ശുദ്ധീകരിക്കുന്ന പരിശുദ്ധാത്മാവേ

ഞങ്ങളിൽ................

ദേവാലയങ്ങളെ ശുദ്ധീകരിക്കുന്ന പരിശുദ്ധാ—ത്മാവേ

ഞങ്ങളിൽ................

വി. സഭയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പരിശുദ്ധാത്മാവേ

ഞങ്ങളിൽ................

വി. കൂദാശകളെ പൂർത്തീകരിക്കുന്ന പരിശുദ്ധാ—ത്മാവേ

ഞങ്ങളിൽ............

വി. മൂറോനഭിഷേകത്താൽ ഞങ്ങളിൽ വസിക്കുന്ന പരിശുദ്ധാത്മാവേ

ഞങ്ങളിൽ................

മനുഷ്യഹൃദയങ്ങളെ ദൈവസ്നേഹംകൊണ്ട് നിറയ്ക്കുന്ന പരിശുദ്ധാത്മാവേ

ഞങ്ങളിൽ................

മനുഷ്യമക്കളെ കർത്താവിന്റെ അതേ പ്രതിഛായയായി രൂപാന്തരപ്പെടുത്തുന്ന പരിശുദ്ധാത്മാവേ

ഞങ്ങളിൽ............

ഭയറാക്കാരെ നിർമ്മലീകരിക്കുന്ന പരിശുദ്ധാത്മാവേ

ഞങ്ങളിൽ............

കുടുംബജീവിതക്കാരെ ഐക്യമത്യപ്പെടുത്തുന്ന—പരിശുദ്ധാത്മാവേ

ഞങ്ങളിൽ............

(നമുക്ക് എല്ലാവർക്കും നിലത്ത് മുട്ടുകുത്തി കർത്താവിനോട് പ്രാർത്ഥിക്കാം)

പ്രാർത്ഥന

വി. മാമോദീസായിൽ ഞങ്ങളെ വീണ്ടും ജനിപ്പിച്ച പരിശുദ്ധാത്മാവേ, വീണ്ടും ജനനത്തിന്റെ അനുഭവത്തെ ഞങ്ങൾക്ക് തന്ന് ഞങ്ങളെ പുതിയ സൃഷ്ടികളാക്കണമേ. ദൈവസ്നേഹം കൊണ്ടും മനുഷ്യസ്നേഹംകൊണ്ടും ഞങ്ങളെ നിറക്കണമേ, ഉച്ചരിപ്പുകൂടാത്ത ഞരക്കങ്ങളാൽ പക്ഷഭേദം ചെയ്യുന്ന പരിശുദ്ധാത്മാവെ അടങ്ങാത്ത സഹതാപം കൊണ്ട് ഞങ്ങളെ നിറക്കണമേ. സ്വജാതികളുടെയും പുറജാതികളുടെ ഇടയിലും സുവിശേഷം ഘോഷിപ്പാൻ ഞങ്ങളെ ശക്തീകരിക്കണമെ. ഞങ്ങളുടെ പള്ളികളേയും, ഭവനങ്ങളേയും, രാഷ്ട്രങ്ങളേയും സ്നേഹത്തിലും ഐക്യതയിലും ഒന്നിപ്പിക്കണമേ. ഞങ്ങളും ഞങ്ങളുടെ ചുററുമുള്ളവരും ആത്മാവിന്റെ ഫലം സമൃദ്ധിയായി കായ്ക്കുമാറാകണമേ. അങ്ങിനെ ഞങ്ങൾ നിന്നേയും നീ ആരിൽ നിന്നെടുക്കുന്നുവൊ ആ പുത്രനേയും എന്നാളും മഹത്വപ്പെടുത്തുമാറാകണമേ, ആമ്മീൻ.

നായകൻ: നാഥാ കൃപ ചെയ്തീടണമേ (3 പ്രാവശ്യം)
ജനങ്ങൾ: നാഥാ കൃപ ചെയ്തീടണമേ ,,
നായകൻ: നാഥാ കനിവാൽ കൃപ ചെയ്ക ,,
ജനങ്ങൾ: നാഥാ കനിവാൽ കൃപ ചെയ്ക ,,
നായകൻ: നാഥാ ഉത്തരമരുളണമേ ,,
ജനങ്ങൾ: നാഥാ ഉത്തരമരുളണമേ ,,

എല്ലാവരും:- ദൈവമെ വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമേ-സ്ഥിരതയുള്ള നിന്റെ ആത്മാവിനെ—എന്റെ ഉള്ളിൽ പുതുതാക്കണമേ - നിന്റെ മുമ്പിൽ നിന്ന്—എന്നെ തള്ളിക്കളയരുതേ- നിന്റെ വിശുദ്ധാത്മാവിനെ — എന്നിൽ നിന്നും എടുക്കയുമരുതേ. ദൈവത്തിന്റെ ശക്തിയാൽ നിങ്ങൾ എഴുന്നേല്ക്കുവിൻ

കോലൊ

റൂഹായാം പാറക്കലീത്താ വന്നെത്തി
പുതുതാക്കീടണമടിയാരെല്ലാവരേയും
ആത്മശരീരക്കറകളെയെല്ലാം നീക്കി
കാക്കുക പുതുശക്തിയതാൽ ഞങ്ങളെയെല്ലാം
പാറക്ലീത്താ റൂഹാ വന്നെത്തി
രക്ഷകനാം കർത്താവിൻ വാഗ്ദത്തം പോ -
ലോരോരുത്തരിലും വാണരുളീടട്ടേ
(ആവർത്തിക്കുക)

ഹൂത്തോമൊ

പാറക്കലീത്ത റൂഹായാകുന്നദൈവമേ! ഞങ്ങൾക്കു പാപമോചനവും ഞങ്ങളുടെ ശരീരങ്ങൾക്കും, മനസിനും വെടിപ്പും നല്കണമേ. നിന്റെ ദൈവീക നൽവരങ്ങൾ ഞങ്ങളിൽ സംരക്ഷിക്കുവാനും, ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും നിർമ്മലമായ ആരാധനകൾ നിനക്ക് സദാ സമർപ്പിക്കുവാനും നിന്റെ മഹിമയ്ക്കും നിന്റെ ദൈവീക നിവാസത്തിനും അനുയോജ്യമായ ആലയങ്ങളായി തീരുവാനും ഞങ്ങളെ യോഗ്യരാക്കണമേ - ഹോശൊ........

വിശ്വാസ പ്രമാണം

സർവ്വശക്തിയുള്ള പിതാവായി........
കുക്കിലിയോനുകൾ ചൊല്ലിയശേഷം
കൈമുത്തിക്കുന്നു.

എം. ഓ. സി.
പബ്ളിക്കേഷൻസ്

ദേവലോകം, കോട്ടയം

ആരാധന സംബന്ധമായ പുസ്തകങ്ങൾ

	രൂ.	സ.
നോമ്പിലെ പ്രുമിയൂൻ	20	00
ഹൂത്തോമ്മോ മലയാളം ഗീതങ്ങൾ	15	00
പാമ്പാക്കുട നമസ്ക്കാരക്രമം	27	00
ദു:ഖവെള്ളിയാഴ്ച ഗീതങ്ങൾ	3	00
പ. പരുമല തിരുമേനിയുടെ പെരുനാൾ പ്രാർത്ഥനക്രമം	**5**	**00**
വി. ദൈവമാതാവിന്റെ പെരുനാൾ പ്രാർത്ഥനക്രമം	5	00
ഹാശാഗീതങ്ങൾ	1	50
കുടുംബാരാധനക്രമം	2	00
നോമ്പിലെ ,,	3	50
നിത്യപ്രാർത്ഥനക്രമം	4	00
കഹനൈത്താ കന്തീലാക്രമം ഗദ്യം	15	00
വി. വേദവായനകുറിപ്പ് പരിഷ്ക്കരിച്ച പതിപ്പ്	10	00
പെരുനാൾ ശുശ്രൂഷക്രമം	6	00

പട്ടക്കാർക്കും അത്മായക്കാർക്കും ഉപയോഗിക്കാവുന്നതും പ. സുന്നഹദോസ് അംഗീകരിച്ചതുമായ സന്ദർഭോചിത പ്രാർത്ഥനകൾ അച്ചടിയിൽ.

കാതോലിക്കേററ് ഓഫീസ്,

ദേവലോകം, കോട്ടയം—38